# ചിങ്ങോലി ഗ്രാമപഞ്ചായത്ത്

## ലേല പരസ്യം 2018–2019

മാന്യരേ,

ചിങ്ങോലി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ കാർത്തികപ്പള്ളി ജംഗ്ഷനിലുള്ള സ്ഥലത്ത് കാർ പാർക്ക് ചെയ്യുന്നതിന് 01/04/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിലേയ്ക്കുള്ള അവകാശം 08/03/2018 വ്യഴാഴ്ച്ച രാവിലെ 11 മണിക്ക് പഞ്ചായത്താഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 5000/- (അയ്യായിരം രൂപ) നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം ഉറപ്പിക്കുന്നവർ ലേല തുകയും നികുതിയും ഉൾപ്പടെയുള്ള  തുക അന്നേ ദിവസം 3 മണിക്കുള്ളിൽ ആഫീസിൽ ഒടുക്കേണ്ടതാണ് സർക്കാർ ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ്. എന്തെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്ത് അതേ സമയത്ത് ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫിസിൽ നിന്നും അറിയാവുന്നതാണ്.

**ലേല നിബന്ധനകൾ**

1. നിശ്ചിത നിരത ദ്രവ്യം കെട്ടി വയ്ക്കാത്തവർക്കും, പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശിക വരുത്തിയവർക്കും ലേലത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.
2. ലേലം നിർത്തി വയ്ക്കുന്നതിനും മാറ്റി വയക്കുന്നതിനും സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്
3. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി 3 ദിവസത്തിനകം (200 രൂപ) മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്
4. ലേലം പിടിക്കുന്ന ആൾ ബാധകമായ നികുതി കൂടി ലേല തുകയോടൊപ്പെ അടയ്ക്കേണ്ടതാണ്.
5. കരളാ പഞ്ചായത്ത് രാജ് ആക്ടും, ബഹു.ഹൈക്കോടതി നിർദേശങ്ങളും ഈ ലേലത്തിനു ബാധകമായിരിക്കും.

ചിങ്ങോലി

26.02.2018

സെക്രട്ടറി

ചിങ്ങോലി ഗ്രാമപഞ്ചായത്ത്